**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 912** **14-01-2021 - ൽ മറുപടിയ്ക്ക്**

**ക്ഷീരമേഖലയുടെ പുനർനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ. സി . ജോസഫ് | | **Shri. K Raju**<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തെ ക്ഷീരോല്പാദക സഹകരണ സംഘങ്ങളെ വിദഗ്ധ തൊഴിൽ പരിശീലനം, കമ്പ്യൂട്ടർ വൽക്കരണം, അക്കൗണ്ടിംഗ് സംവിധാനം, ഇന്റർനെറ്റ് സംവിധാനം മുതലായവയോട് കൂടിയ ഇൻഫർമേഷൻ ഹബ്ബായി പ്രവർത്തിക്കുന്ന ക്ഷീരവിജ്ഞാന കേന്ദ്രങ്ങളായി ഉയർത്തുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ക്ഷീര സഹകരണ സംഘങ്ങളുടെ പ്രവർത്തനം ഏകീകരിക്കുന്നതിനും, അക്കൗണ്ടിംഗ് കുറ്റമറ്റതാക്കുന്നതിനും, പാൽ സംഭരണം, ഗുണനിലവാര നിർണ്ണയം, പാൽ വില നിശ്ചയിക്കൽ എന്നിവ സുതാര്യമാക്കുന്നതിനും ക്ഷീര സംഘങ്ങളെ കമ്പ്യൂട്ടർ വൽക്കരിക്കുന്നതിനും വെബ് അധിഷ്ഠിത യൂണി ഫൈഡ് സോഫ്റ്റ്-വെയർ നടപ്പിലാക്കുന്നതിന് നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. സോഫ്റ്റ് വെയർ വികസിപ്പിക്കുന്ന തിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. സമീപ ഭാവിയിൽ തന്നെ ക്ഷീര സഹകരണ സംഘങ്ങൾ, ക്ഷീര വികസന വകുപ്പിന്റെ വിവിധ തലങ്ങളിലുള്ള ഓഫീസുകൾ, മേഖലാ യൂണിയനുകൾ, സഹകരണ ഓഡിറ്റ് വിഭാഗം എന്നിവ ഈ സോഫ്റ്റ് വെയറിലൂടെ സംയോജിപ്പിക്കാൻ കഴിയുന്നതാണ്. കൂടാതെ, വിജ്ഞാന വ്യാപന പ്രവർത്തനത്തിനുള്ള ഒരു ഹബ്ബായും ക്ഷീരസഹകരണ സംഘങ്ങളെ ഉപയോഗപ്പെടുത്താൻ കഴിയുന്നതാണ്. |
| (ബി) | സംസ്ഥാനത്തെ ക്ഷീരമേഖലയുടെ പുനർനിർമ്മാണത്തിനായി ക്ഷീരനവോത്ഥാനം എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | ഉണ്ട്. 2018, 2019 വർഷങ്ങളിൽ സംസ്ഥാനത്തുണ്ടായ പ്രളയത്തിൽ ക്ഷീര കർഷകർക്കുണ്ടായ നാശനഷ്ടത്തിൽ നിന്നും കരകയറ്റുന്നതിന് വേണ്ടിയാണ് ഇങ്ങനെ ഒരു പദ്ധതി ആവിഷ്കരിച്ചു നടപ്പാക്കിയത്. 44 കോടി രൂപയാണ് 2 വർഷങ്ങളിലായി ഈ പദ്ധതിയ്ക്കായി ചെലവഴിച്ചത്. |
| (സി) | നൂറ് കിടാരികൾ ഉൾപ്പെടുന്ന കിടാരി പാർക്കുകൾ ക്ഷീര സഹകരണ സംഘങ്ങളിൽ സ്ഥാപിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (സി) | ക്ഷീര വികസന വകുപ്പിന്റെ വിവിധ പദ്ധതികളിൽ കറവപ്പശുക്കളെ അന്യ സംസ്ഥാനത്തു നിന്നാണ് വാങ്ങി വരുന്നത്. ഇതിനൊരു പരിഹാരമെന്ന നിലയിൽ ഗുണമേന്മയുള്ള പുതുതലമുറ പശുക്കളെ പ്രാദേശികമായി ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് കിടാരി പാർക്ക് പദ്ധതി വകുപ്പ് |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കാൻ ലക്ഷ്യമിട്ടത്. സംസ്ഥാനത്ത് 4 കിടാരി പാർക്കുകൾ സ്ഥാപിച്ച് ഇപ്പോൾ നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ